പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2267 — 11.06.2018 ൽ മറുപടി നൽകേണ്ടത്

## സപ്ലൈകോയുടെ പ്രവർത്തനമികവും സംവിധാനങ്ങളും

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.മുല്ലക്കര രത്നാകരൻ<br>ശ്രീ. ചിറ്റയം ഗോപകുമാർ<br>ശ്രീമതി ഗീതാ ഗോപി<br>ശ്രീ. എൽദോ എബ്രഹാം | ശ്രീ. പി. തിലോത്തമൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി) |
| (എ) ഭക്ഷ്യ ഭദ്രതാ നിയമം നടപ്പിലാക്കുന്നതിനുള്ള അംഗീകൃത ഏജൻസിയായ സപ്ലൈകോയുടെ പ്രവർത്തനമികവും സംവിധാനങ്ങളും വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ ; | (എ) കേന്ദ്ര ഭക്ഷ്യഭദ്രതാ നിയമം 2013 പ്രകാരം വാതിൽപ്പടി വിതരണത്തിനാണ് സിവിൽ സപ്ലൈസ് കോർപ്പറേഷനെ ചുമതലപ്പെടുത്തിയിട്ടുള്ളത്. റേഷൻ ഭക്ഷ്യധാന്യങ്ങൾ എഫ്.സി.ഐ. ഡിപ്പോകളിൽ നിന്നും, സി.എം.ആർ. മില്ലുകളിൽ നിന്നും ശേഖരിക്കുന്നതിനും, അവ റേഷൻ കടകളിലേക്ക് വിതരണം ചെയ്യുന്ന റേഷൻ വാതിൽപ്പടി വിതരണത്തിന്റെ ചുമതല സപ്ലൈകോയ്ക്ക് നൽകിയിട്ടുണ്ട്. ഇതനുസരിച്ച് FCI ഡിപ്പോകളിൽ നിന്നും CMR മില്ലുകളിൽ നിന്നും ഭക്ഷ്യധാന്യങ്ങൾ ശേഖരിച്ച് റേഷൻ കടകളിലേയ്ക്കുള്ള വാതിൽപ്പടി വിതരണം സപ്ലൈകോ നിർവ്വഹിച്ചു വരുന്നു.<br>വാതിൽപ്പടി വിതരണത്തിനാവശ്യമായ ഭക്ഷ്യധാന്യങ്ങൾ ശേഖരിക്കുന്നതിനായി കേരളത്തിലെ 75 താലൂക്കുകളിലുമായി 148 ഗോഡൗണുകൾ സപ്ലൈകോ സജ്ജീകരിച്ചിട്ടുണ്ട്. റേഷൻ സാധനങ്ങൾ കൃത്യമായ അളവിലും തൂക്കത്തിലും നൽകുന്നതിനായി നിലവിലുള്ള വേയിംഗ് മെഷീനുകൾക്ക് പുറമേ 450 വേയിംഗ് മെഷീനുകൾ കൂടി PDS ഗോഡൗണുകളിൽ ലഭ്യമാക്കിയിട്ടുണ്ട്.<br>വിട്ടെടുക്കുന്നതിനും വിതരണം ചെയ്യുന്നതിനുമായുള്ള കടത്തുകരാർ 54 താലൂക്കുകളിൽ തീർപ്പാക്കിയിട്ടുണ്ട്. റേഷൻ സാധനങ്ങൾ കൃത്യമായ അളവിലും തൂക്കത്തിലും റേഷൻ വ്യാപാരികൾക്ക് നൽകുന്നുണ്ടെന്ന് ഉറപ്പു വരുത്തുന്നതിനു വേണ്ടി എല്ലാ PDS ഗോഡൗണുകളിലും സപ്ലൈകോ ഉദ്യോഗസ്ഥർക്ക് പുറമേ വകുപ്പിലെ റേഷനിംഗ് ഇൻസ്പെക്ടർമാരെ നിയോഗിച്ചിട്ടുണ്ട്. ഇപ്രകാരം റേഷൻ സാധനങ്ങൾ കൃത്യമായ അളവിലും തൂക്കത്തിലും നൽകുന്നതിനാവശ്യമായ എല്ലാ വിധ നടപടികളും സ്വീകരിച്ചിട്ടുണ്ട്. |

സംസ്ഥാനത്തെ എല്ലാ റേഷൻ കടകളിലും യഥാർത്ഥ ഉപഭോക്താവിനുതന്നെയാണ് റേഷൻ ഭക്ഷ്യധാന്യങ്ങൾ ലഭിക്കുന്നത് എന്ന് ഉറപ്പു വരുത്തുവാൻ ഇ-പോസ് മെഷീൻ വഴി റേഷൻ ഭക്ഷ്യധാന്യങ്ങൾ വിതരണം ആരംഭിച്ചിട്ടുണ്ട്. ഭക്ഷ്യധാന്യങ്ങൾ കൊണ്ടുപോകുന്ന വാഹനങ്ങൾ നിരീക്ഷിക്കുവാനായി ഇവയിൽ ജി.പി.എസ്. സൗകര്യം ഏർപ്പെടുത്തുവാനും നിശ്ചയിച്ചിട്ടുണ്ട്. ഇങ്ങനെ ഭക്ഷ്യഭദ്രതാ നിയമം നിഷ്കർഷിക്കുന്നതനുസരിച്ച് മുഴുവൻ കാര്യങ്ങളും പൂർത്തിയാക്കി (ജി.പി.എസ്., ഇ-പോസ്, മുതലായവ) പൂർണ്ണതോതിൽ ഭക്ഷ്യധാന്യ വിതരണവും മേൽനോട്ടവും, ഇവ ജനങ്ങളിലെത്തുന്നു എന്ന് ഉറപ്പാക്കുന്നതിനും വേണ്ട സംവിധാനം നടപ്പിലാക്കുന്നതിന് സാധിച്ചത് സപ്ലൈകോയുടെ പ്രവർത്തന മികവാണ്.

| | | | |
|---|---|---|---|
| (ബി) | സപ്ലൈകോ വഴി വിതരണം ചെയ്യുന്ന സബ്സിഡി സാധനങ്ങൾക്ക് വില വർദ്ധിപ്പിക്കില്ലായെന്ന വാഗ്ദാനം സർക്കാർ പാലിച്ചിട്ടുണ്ടോ ; വ്യക്തമാക്കുമോ ; | (ബി) | ഉണ്ട്. വിശദാംശം അനുബന്ധം 1 ആയി ചേർക്കുന്നു. |
| (സി) | റംസാൻ ആഘോഷത്തോടനുബന്ധിച്ച് എല്ലാ വർഷവും നടത്തുന്ന ചന്തകൾ ഈ വർഷം സംഘടിപ്പിക്കുന്നുണ്ടോ; | (സി) | റംസാൻ പെരുന്നാളിനോടനുബന്ധിച്ച്, 5 ജില്ലകളിൽ റംസാൻ ജില്ലാ ഫെയറുകളും 90 സപ്ലൈകോ വില്പനശാലകളോട് ചേർത്ത് റംസാൻ ഫെയറുകളും സംഘടിപ്പിക്കുന്നുണ്ട്. |
| (ഡി) | സപ്ലൈകോയ്ക്ക് വിപണിയിൽ ശരിയായ ഇടപെടലിന് ആവശ്യമായ സഹായം ലഭ്യമാകുന്നുണ്ടോ; വ്യക്തമാക്കുമോ ; | (ഡി) | 2016-17, 2017-18 സാമ്പത്തിക വർഷങ്ങളിൽ വിപണി ഇടപെടലിനായി 200 കോടി രൂപ വീതം അനുവദിക്കുകയും 2018-19 ബഡ്ജറ്റിൽ 150 കോടി രൂപ വകയിരുത്തുകയും ചെയ്തിട്ടുണ്ട്. |
| (ഇ) | ഈ സർക്കാർ വന്നതിനു ശേഷം പുതുതായി മാവേലി സ്റ്റോറുകൾ ആരംഭിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ ? | (ഇ) | ഉണ്ട്. വിശദാംശം അനുബന്ധം 2 ആയി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

# അനുബന്ധം - 1

| ക്രമ നമ്പർ | ഇനം | സപ്ലൈകോയിലെ സബ്സിഡി വില്പന വില (രൂപ കി.ഗ്രാമിന്) | |
|---|---|---|---|
| | | **25/05/2016** | **29/05/2018** |
| 1 | ചെറുപയർ | 74.00 | 60.00 |
| 2 | ഉഴുന്ന് ബോൾ | 66.00 | 58.00 |
| 3 | വൻകടല | 43.00 | 43.00 |
| 4 | വൻപയർ | 45.00 | 45.00 |
| 5 | തുവര പരിപ്പ് | 65.00 | 60.00 |
| 6 | മുളക് | 75.00 | 67.00 |
| 7 | മല്ലി | 92.00 | 65.00 |
| 8 | പഞ്ചസാര | 22.00 | 22.00 |
| 9 | വെളിച്ചെണ്ണ | 88.00 | 90.00* |
| 10 | ജയ അരി | 25.00 | 25.00 |
| 11 | കുറുവ അരി | 25.00 | 25.00 |
| 12 | മട്ട അരി | 24.00 | 24.00 |
| 13 | പച്ചരി | 23.00 | 23.00 |
| 14 | ആന്ധ്ര ഇതര ജയ അരി** | --- | 25.00 |

* വില്പന നികുതി വർദ്ധിച്ചതിനാലാണ് വെളിച്ചെണ്ണ വില 2 രൂപ കൂടിയത്

** ഈ സർക്കാർ അധികാരത്തിൽ എത്തിയതിന് ശേഷം സബ്സിഡി ലിസ്റ്റിൽ ഉൾപ്പെടുത്തിയ ഇനം

## അനുബന്ധം - 2

| ക്രമ നമ്പർ | മാവേലി സ്റ്റോർ | പഞ്ചായത്ത് / മുനിസിപ്പാലിറ്റി | ഡിപ്പോ |
|---|---|---|---|
| 1. | മുളക്കുളം | പിറവം | മൂവാറ്റുപുഴ |
| 2. | അന്തിച്ചിറ | ഏറാത്ത് | റാന്നി |
| 3. | കടമക്കുടി | കടമക്കുടി | നോർത്ത് പറവൂർ |
| 4. | കീഴുപറമ്പ് | കീഴുപറമ്പ് | മഞ്ചേരി |
| 5. | ഇരുളം | പൂതാടി | സുൽത്താൻ ബത്തേരി |
| 6. | കൊല്ലക്കടവ് | ചെറിയനാട് | ചെങ്ങന്നൂർ |
| 7. | കോലത്തുവയൽ | കല്ല്യാശ്ശേരി | കണ്ണൂർ |
| 8. | കണ്ണാടിപ്പറമ്പ് | നാറാത്ത് | കണ്ണൂർ |
| 9. | വാക്കനാട് | കരീപ്ര | കൊട്ടാരക്കര |
| 10. | വാഗമൺ | ഏലപ്പാറ | കാഞ്ഞിരപ്പള്ളി |
| 11. | പൂക്കിപ്പറമ്പ് | തെന്നല | തിരൂരങ്ങാടി |
| 12. | പരപ്പൂർ | പരപ്പൂർ | തിരൂരങ്ങാടി |
| 13. | മുരിക്കുംപുഴ | മംഗലപുരം | തിരുവനന്തപുരം |
| 14. | കാഞ്ഞിരോട് | മുണ്ടേരി | കണ്ണൂർ |
| 15. | ചൊക്ലി | ചൊക്ലി | തലശ്ശേരി |
| 16. | നടക്കൽ | ബെല്ലൂർ | കാസർഗോഡ് |
| 17. | മഞ്ചേശ്വരം | മഞ്ചേശ്വരം | കാസർഗോഡ് |
| 18. | ചിന്നക്കനാൽ | ചിന്നക്കനാൽ | നെടുങ്കണ്ടം |
| 19. | എടവക | എടവക | മാനന്തവാടി |

| | | | |
|---|---|---|---|
| 20. | അടിച്ചിലി | മേലൂർ | ചാലക്കുടി |
| 21. | ചെമ്പൻതൊട്ടി | ശ്രീകണ്ഠപുരം | തളിപ്പറമ്പ് |
| 22. | കീക്കോഴൂർ | ചെറുകോൽ | റാന്നി |
| 23. | മാറിക | പാലക്കുഴ | മൂവാറ്റുപുഴ |
| 24. | മറയൂർ | മറയൂർ | മൂന്നാർ |